# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2786

10.03.2017-ന് മറുപടിയ്ക്ക്

## മലപ്പുറം മണ്ഡലത്തിലെ വിദ്യാലയങ്ങൾക്ക് ബസ് വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി മലപ്പുറം മണ്ഡലത്തിലെ 10 വിദ്യാലയങ്ങൾക്ക് രണ്ടു ഘട്ടങ്ങളിലായി 95 ലക്ഷം രൂപ അനുവദിച്ച് സ്കൂൾ ബസ് വാങ്ങുന്നതിനുള്ള പ്രോപ്പോസലിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | മലപ്പുറം നിയോജക മണ്ഡലത്തിലെ 10 വിദ്യാലയങ്ങൾക്ക് ബസുകൾ വാങ്ങുന്നതിന് 23.11.2015-ലെ സ.ഉ.(സാധാ) 5529/2015/പൊ.വി.വ., 28.06.2016-ലെ ജി.ഒ(ആർ.റ്റി)നം.2047/2016/പൊ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം യഥാക്രമം 50 ലക്ഷം രൂപയും 45 ലക്ഷം രൂപയും ചെലവാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിരുന്നു. 23.11.2015-ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപ ഉപയോഗിച്ച് 5 സ്കൂളുകൾക്ക് വാഹനങ്ങൾ വാങ്ങുന്നതിന് ഇ-ടെൻഡർ നടപടികൾ സ്വീകരിക്കുകയും ഇതനുസരിച്ച് സ്കൂളുകളിൽ വാഹനം വിതരണം ചെയ്യുന്നതിനുള്ള ഉത്തരവും വിദ്യാഭ്യാസ ഉപഡയറക്ടർ നൽകിയിട്ടുണ്ട്.<br><br>28.06.2016-ലെ ഉത്തരവ് പ്രകാരമുള്ള 45 ലക്ഷം രൂപ ഇതുവരെ ലഭ്യമായിട്ടില്ല. ഇതിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ എംലി സോഫ്റ്റ് വെയറിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എൻജിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇ-ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്. |

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഏതു കമ്പനിക്കാണ് ടെണ്ടർ നൽകിയിട്ടുള്ളത്;

(ബി) 23.11.2015-ലെ സ.ഉ(സാധാ) 5529/2015/പൊ.വി.വ. പ്രകാരം ഭരണാനുമതി ലഭിച്ച 5 സ്കൂളുകൾക്ക് വാഹനം നൽകുന്നതിന് ഇ-ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. സിൽവർ മോട്ടേഴ്സ് മഞ്ചേരി, പാത്തിക്കൽ ടെമ്പോ ലിങ്ക് മലപ്പുറം എന്നീ സ്ഥാപനങ്ങൾക്കാണ് ടെൻഡർ പ്രകാരം വിതരണ ഉത്തരവ് നൽകിയിട്ടുള്ളത്.

(സി) ധനകാര്യ വകുപ്പ് ചീഫ് എഞ്ചിനീയർ, വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസ് എന്നിവിടങ്ങളിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(സി) മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ, ബന്ധപ്പെട്ട സ്കൂളുകളിൽ നിന്നും അവർക്ക് അനുയോജ്യമായ വാഹനത്തിന്റെ വിശദാംശങ്ങൾ ആവശ്യപ്പെടുകയും ഭരണാനുമതി ഉത്തരവ് പ്രകാരം തുക ലഭ്യമായ മുറയ്ക്ക് ഇ-ടെൻഡർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

2[illegible].06.2016-ലെ ജി.ഒ.(ആർ.റ്റി) നം.2047/2016/പൊ.വി.വ. നമ്പർ ഭരണാനുമതി ഉത്തരവ് പ്രകാരമുള്ള തുക ലഭ്യമാക്കുന്നതിനുവേണ്ടി മലപ്പുറം പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഓരോ വിദ്യാലയങ്ങൾക്കും ഈ അദ്ധ്യയന വർഷാവസാനത്തിന് മുൻപ് തന്നെ വാഹനം വിതരണം ചെയ്യുമോ?

(ഡി) ആദ്യം ലഭിച്ച അനുമതി ഉത്തരവിൽ പരാമർശിച്ച 5 സ്കൂളുകൾക്ക് ഈ അദ്ധ്യയന വർഷാവസാനത്തിന് മുമ്പുതന്നെ വാഹനങ്ങൾ വിതരണം ചെയ്യുന്നതാണ്.

ബാക്കിയുള്ളവ നടപടിക്രമങ്ങൾ പാലിച്ച് വാങ്ങി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ